**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2331** **05-02-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല നിയോജക മണ്ഡലത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി ആകെ എത്ര അതിദരിദ്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി 559 അതിദരിദ്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. പഞ്ചായത്ത് തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.<br>അമ്പൂരി -82,<br>ആര്യങ്കോട് -48,<br>കള്ളിക്കാട് -14,<br>കൊല്ലയിൽ - 48,<br>കുന്നത്തുകാൽ -73,<br>ഒറ്റശേഖരമംഗലം- 48,<br>പാറശ്ശാല -100,<br>പെരുങ്കടവിള -56,<br>വെള്ളറട -90 |
| (ബി) | ഇപ്രകാരം കണ്ടെത്തിയവർക്ക് തിരിച്ചറിയൽ രേഖകൾ, ഭക്ഷണം, ചികിത്സ, മരുന്ന് എന്നിവ ഉറപ്പാക്കുന്നതിനായി ഓരോ പഞ്ചായത്തിലും നടപ്പാക്കി വരുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ തിരിച്ചറിയൽ രേഖകൾ, ഭക്ഷണം, ചികിത്സ, മരുന്ന് എന്നിവ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം അർഹരായ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | അതിദരിദ്രർക്കായി തയ്യാറാക്കിയ മൈക്രോ പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭവന നിർമ്മാണം, ഭൂമി ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി പാറശ്ശാല മണ്ഡലത്തിൽ ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി മൈക്രോപ്ലാൻ പ്രകാരം ഭവന നിർമ്മാണത്തിനായി 2,27,40,000/- രൂപയും ഭൂമി വാങ്ങുന്നതിനായി 20,50,000/- രൂപയും ഭവന |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണത്തിനായി 34,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിൽ അതിദരിദ്രരായി കണ്ടെത്തിയവരിൽ എത്ര പേരെ ഇതിനോടകം ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് കൊണ്ടു പോകാൻ സാധിച്ചിട്ടുണ്ടെന്നും ഈ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്നും അറിയിക്കാമോ? | (ഡി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ കണ്ടെത്തിയിട്ടുള്ള 559 കുടുംബങ്ങളെയും അതിദാരിദ്ര്യ മുക്തരാക്കിയിട്ടുണ്ട്. ആരോഗ്യം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്കുള്ള ചികിത്സയും മരുന്നും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ളവർക്കുള്ള സേവനങ്ങളും തുടർന്നും നല്കി വരുന്നുണ്ട്. ഭക്ഷണം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണം നല്കുന്നതിനുള്ള നടപടികളും തുടർന്നുവരുന്നുണ്ട്. ഇപ്രകാരം ആരോഗ്യം, ഭക്ഷണം എന്നീ ക്ലേശ ഘടകങ്ങളിൽ തുടർ സേവനങ്ങൾ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ആയത് ഉറപ്പാക്കുകയും ചെയ്തുവരുന്നു.<br><br>മൈക്രോപ്ലാൻ പ്രകാരമുള്ള സേവനങ്ങൾ അർഹരായ എല്ലാ കുടുംബങ്ങൾക്കും നല്കി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പൂർത്തീകരിച്ചതായി 01.11.2025 തിയതിയിൽ കൂടിയ പ്രത്യേക നിയമസഭാ സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പാറശ്ശാല നിയോജകമണ്ഡലത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം തിരിച്ചറിയൽ രേഖകൾ, ഭക്ഷണം, ചികിത്സ, മരുന്ന് എന്നിവ നൽകിയവരുടെ പഞ്ചായത്ത് തിരിച്ച വിവരം.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | അവകാശ രേഖകൾ / തിരിച്ചറിയൽ രേഖകൾ | ഭക്ഷണം | ആരോഗ്യം, മരുന്ന്, പാലിയേറ്റീവ് കെയർ |
|---|---|---|---|---|
| 1 | അമ്പൂരി | 10 | 20 | 42 |
| 2 | ആര്യങ്കോട് | 0 | 9 | 2 |
| 3 | കള്ളിക്കാട് | 9 (തൊഴിൽ കാർഡ്) | 5 | 14 |
| 4 | കൊല്ലയിൽ | 14 | 22 | 8 |
| 5 | കുന്നത്തുകാൽ | 0 | 17 | 10 |
| 6 | ഒറ്റശേഖരമംഗലം | 4 | 9 | 13 |
| 7 | പാറശ്ശാല | 8 | 57 | 60 |
| 8 | പെരുങ്കടവിള | 7 | 13 | 27 |
| 9 | വെള്ളറട | 3 | 80 | 26 |